(1)	(2)	(3)	(4)
18	ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-I	3	...
19	ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-2	3	...
20	ക്ലാർക്ക്/സീനിയർ ക്ലാർക്ക്	2	...
21	ആഫീസ് അറ്റൻഡന്റ്	1	...

(ബി) ലാബ് ടെക്നീഷ്യനെ കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലേക്കും സീനിയർ ക്ലാർക്കിനെ ആഴ്ചയിൽ രണ്ടുദിവസം വടകര പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്കും താൽക്കാലികമായി പുനർവിന്യസിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സി.എച്ച്.സി.യിലെ തസ്തിക ഒന്നുംതന്നെ ഒഴിവാക്കിയിട്ടില്ല.

തലശ്ശേരി മണ്ഡലത്തിലെ ജനറൽ ആശുപത്രിയിലും പി.എച്ച്.സി.കളിലും ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തിക

50 (8110) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തലശ്ശേരി മണ്ഡലത്തിലെ ജനറൽ ആശുപത്രിയിലും പി.എച്ച്.സി.കളിലും നിലവിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും എത്ര തസ്തികകളുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ ഓരോ ആശുപത്രികളിലും എത്ര ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും നിലവിൽ സേവനമനുഷ്ഠിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും തസ്തികകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 'എ' ആയി ചേർക്കുന്നു.*

(ബി) ഓരോ ആശുപത്രികളിലെ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും വിവരങ്ങൾ അനുബന്ധം 'ബി' ആയി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly